

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 13 No.8 Newsletter August 2015



"ഇത് നിങ്ങൾക്ക് വേണ്ടിയുള്ള എന്റെ ശരീരം;
എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്‌വിൻ എന്ന് പറഞ്ഞു" (1 കൊരി.11:24).

# വാർത്തകൾ






ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഒപ്താൽമോളജി പ്രൊഫസറായി ഉദ്യോഗക്കയറ്റത്തോടെ വകുപ്പുമേധാവിയായി നിയമിതയായ ഡോ. ഷീബ സി.എസ്. സി. ചെല്ലൻ നാടാരുടെയും ശോഭനയുടെയും മകളാണ്. ഭർത്താവ്: ഡോ. പ്രീതം കുമാർ ഫ്രാൻസിസ് (കാർഡിയോളജിസ്റ്റ്, തിരുവനന്തപുരം മെഡിക്കൽ കോളേജ്). മക്കൾ: സഞ്ജനപ്രീതം, അഭിഷേക് പ്രീതം.



ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഇ.എൻ.റ്റി പ്രൊഫസറായി ഉദ്യോഗക്കയറ്റത്തോടെ വകുപ്പു മേധാവിയായി നിയമിതനായ ഡോ. എസ്. സതീഷ്. നമ്മുടെ സഭാകമ്മറ്റി അംഗമാണ്. ഭാര്യ: ഡോ. ഷെറിൻ സതീഷ് (ഗൈനക്കോളജിസ്റ്റ്). മക്കൾ: ഡോ. ഡെന്നി എസ്, ഡയാനഎസ്.



കേരള മെഡിക്കൽ പി.ജി എൻട്രൻസ് പരീക്ഷയിൽ 89-ാം റാങ്ക് നേടി കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ എം.ഡി ജനറൽ മെഡിസിനിൽ പ്രവേശനം നേടിയ ഡോ. അശ്വിൻ എസ്. പിതാവ്: ആർ. സത്യദാസ്. മാതാവ്: പ്രൊഫ. സി.വി. ശശികല.



ഇക്കഴിഞ്ഞ എം.ബി.ബി.എസ് പരീക്ഷ 71 ശതമാനം മാർക്കോടെ ഫസ്റ്റ് ക്ലാസ്സിൽ വിജയിച്ച ഡെന്നി. എസ്. കാരക്കോണം എസ്.എം.സി.എസ്.ഐ മെഡിക്കൽ കോളേജ് വിദ്യാർത്ഥിയാണ്. പിതാവ്: ഡോ. എസ്. സതീഷ്. മാതാവ്: ഡോ. ഷെറിൻ സതീഷ്.

**സണ്ടേസ്കൂൾ :** തിരുവനന്തപുരത്തെ വിവിധ സഭാവിഭാഗങ്ങളിലെ സണ്ടേസ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് വൈ.എം.സി.എ സംഘടിപ്പിച്ച കലാമത്സരങ്ങളിലും, തിരുവനന്തപുരം ഡിസ്ട്രിക്ട് സണ്ടേസ്കൂൾ കലാമത്സരങ്ങളിലും നമ്മുടെ സണ്ടേസ്കൂൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**നിരീക്ഷണ ക്യാമറ :** സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി നമ്മുടെ ദേവാലയത്തിനുള്ളിലും പരിസരത്തും ചർച്ച് ഓഫീസിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിരിക്കുന്നു.

**കൗൺസിലിംഗ് പരിപാടി :** സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്കായി ജൂലൈ 12-ാം തീയതി കൗൺസിലിംഗ് പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ശ്രീ. ജോബി കൊണ്ടൂർ (ജില്ലാ കോ-ഓർഡിനേറ്റർ, ചൈൽഡ് ലൈൻ) നേതൃത്വം നൽകി. 250 ഓളം കുട്ടികളും സണ്ടേസ്കൂൾ അധ്യാപകരും പങ്കെടുത്തു.

## ബൈബിൾ ക്വിസ്സ്

ഗോസ്പൽ ബാന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന നമ്മുടെ സഭയുടെ വാർഷിക ബൈബിൾ ക്വിസ് നവംബർ മാസം രണ്ടാം ഞായറാഴ്ച നടക്കുന്നതാണ്. വേദഭാഗം: സങ്കീർത്തനങ്ങൾ, യോഹന്നാൻ എഴുതിയ സുവിശേഷം. 25 ശതമാനം ചോദ്യങ്ങൾ നമ്മുടെ സഭാചരിത്രത്തെ ആസ്പദമാക്കിയായിരിക്കും. പ്രായഭേദമെന്യേ ഏവർക്കും പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കൺവീനർ അജിത് സെൻ്റുമായി ബന്ധപ്പെടുക (ഫോൺ: 9447888188).

# CHURCH VOICE

13th year of publication

**AUGUST 2015**

**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

R. Sajan Samson

**SUB-EDITOR**

Manoj Kumar Ebenezer

**EDITORIAL BOARD**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**

Zaem Enock

**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

Printed at:
**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

## Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. M. Sam Moses | 2311754 | 9447011754 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



# The Transparency and Responsibility of Christian Stewardship

God created man with a responsibility to rule over all his creations. In fact, God intended to make man his steward. God expects certain qualities from man when he appointed him as His steward. They are:

1) To fulfil his vows before God.
2) To lift up the cup of Salvation.
3) To depend upon God.
4) To be conscious about his responsibilities.
5) To be transparent in executing his responsibilities.

## 1) To fulfill the vows before God:

We the people of God usually make vows before our Lord Almighty. But are we fulfilling such vows and promises timely and properly? The Holy Scripture insists to fulfill our vows before God. But the responsibility of the Children of God is not confined to the mere fulfillment of vows. We are also expected to execute our responsibilities assigned by God. God wants us to be like Isaiah who voluntarily took the responsibility of being a messenger of God.

Right from the time of our birth, we are assigned with some responsibilities, by our Creator. A potter makes a pot with an intention to serve a particular purpose. Likewise we are created in God's image to do the duties entrusted upon us, which is the part and parcel of stewardship.

## 2) To lift up the cup of Salvation:

Even though God created man in his image and appointed him as his steward, he went astray from God through his sinful acts. God tried to correct him but man continued to be plunged in the ocean of sin. He never tried to escape from it. Since God loved man, He was worried so much about this nature of human beings. If man would have been judged according to his deeds, he deserved severe punishment. To avoid this, God sent his only begotten Son to be sacrificed for human sins.

Man who was about to perish due to his sins, became alive as he drank the cup of Great salvation, which is the sacred blood of Jesus. So this cup of Salvation which is Jesus, is the greatest gift given to man by God.

God is so Holy that the sinful man cannot approach him directly. But we can boldly approach him and pray to him through Jesus, the cup of Salvation. This is the second quality which God expects from human beings.

**3) To Depend upon God:** In Philippians 4:13 it is written. "I have the strength to face all conditions by the power that Christ gives me". If we are strengthened by the Lord, we would be able to face any difficult situation in life.

Psalm 91 is the chapter in the Holy Bible which depicts the blessings through dependence on God. It teaches us about the Divine protection and guidance. God delivers us from dangers at night, sudden attacks during the day, the plagues that strike in the dark and the evils that kill us in day light. If we trust in God no disaster will strike us and no violence will come near our home. Also therein mentioned many protections and blessings received from God. In fact God wants us to depend upon him so that we can become successful stewards of God.

**4) Consciousness about responsibilities:**

In the parable of gold coins (St. Luke 19), the servants who were assigned with Ten and Five Gold coins may be grouped as one and the man assigned with one coin as another. The former persons were conscious about their responsibilities and so they executed their duties properly. But the later was lazy. He did not care about his responsibility and thought about escaping from the master by uttering lame excuses. He didn't take care of his future and lacked in foresight of the consequences due to his inertness. We, the children of God should remember that we have to stand before him for his judgement, one day. Then we have to say before him what we have done with the talents gifted to us.

**5) To be transparent in executing responsibilities:**

Any sort of work, which is honest in nature will be transparent. In the parable of the gold coins the servants who were assigned with Ten and Five talents respectively executed their duties in utmost transparency. They had nothing to hide from others. But the servant who was assigned with one coin wanted to tide the coins for two reasons.

a) He didn't want others to see his lazy deeds.
b) He himself wanted to escape from guilty consciousness for abstaining himself from his duties.

As stewards of God we ought to do our work with transparency and sense of responsibility.

If we fulfill our vows and execute our responsibilities, lift up the cup of Salvation and pray to God, depend upon him, became conscious about our duties and become transparent in executing our duties and responsibilities, God will bless us and we will shine as good stewards of God before the world.

May God give us the Grace and strength for the same. Amen

**Rev. T. Selvarajan**
Presbyter-in-Charge

## SECRETARY'S REPORT



Dear friends in Christ,

Greetings to you all in the wonderful and matchless name of our Lord and Saviour Jesus Christ.

Mission of the Church is discussed at length in the CSI circles during this month. The Christian call is to identify and struggle against the "Principalities and Powers". This call envisages and involves in struggles. The Church is called upon to take the side of the poor, the oppressed, the marginalised and the underprivileged. While being so heavenly minded, let us not ignore or neglect our responsibility to the world because in both Old and New Testaments, the central message is clear: "The irrevocable bond/ covenant between God and the poor and the irreconcilable antagonism between God and Mammon". May the Church be the voice of the voiceless, leading to the cross through true service to mankind.

While celebrating independence and freedom throughout the length and breadth of our country, journeying through the democratic path, we are still behind progress and development in many avenues of life. A large section of our people are being made bond slaves because of their poverty, poor education and social evils. Above all, more people are becoming enslaved by their sin and addiction to bad habits, which lead them to disease, despair and dejection. The Lord Jesus our Deliverer is the same yesterday, today and for ever more. In this context, let us listen to the proverbial and prophetic statement of Jesus: "You shall know the truth and the truth shall set you free".

The Diesel Generator installation is complete in the Church premises and will become operational soon which will enable us to have uninterrupted power supply at all times.

The obstructive trees in the Cemetery campus had been felled and trimming was conducted on the trees in the Church campus.

The activities of our sub-organisations have entered into the second half of the year and it is time to have a review on the impact of our programmes and involvement of our members. Our Church has crossed many milestones in the District and Area competitions and our members have bagged several trophies and laurels. Congratulations to all winners and participants.

M/s Keerthi Associates has intensified their efforts in processing sanction for Church construction at Kothalam Mission field.

The Church building construction at Kalrayan in Salem Mission field has already started.

The Church building at Khandamal, Orissa under the CNI Phulbani Diocese is nearing completion and will be dedicated soon.

Dr. SM CSI Medical College & Hospital authorities have informed us that they require more funds to provide noon meals for the deserving poor patients. May God richly bless all those who are liberally contributing towards alleviating the burden of the deprived ones in our midst.

Jayadas J.T., Nanthencode was called to eternal rest on 6-7-2015 and Remani Bai, Observatory Lane was called to eternal rest on 27-7-2015. Let us uphold their family members in our prayers.

Yours in His Ministry,

**Dr. Christenson E. Sarasam**
Church Secretary.



# പ്രതിവാര ധ്യാനം

**ആഗസ്റ്റ് 2015**

ആഗസ്റ്റ് 02, Mission Sunday

വിഷയം: **ദൗത്യം: ദൈവത്തിന്റെ വേദനയുടെ പങ്കുവെയ്ക്കൽ**

യെശയ്യ.6:1–8, സങ്കീ.40:1–13, അ.പ്ര.9:10–18, ലൂക്കോ10:1–11

ആഗസ്റ്റ് 09, രണ്ടാം ഞായർ

വിഷയം: **വിവാഹത്തെ ആദരിക്കുക**

മലാഖി.2:13–16, സങ്കീ.45, 1.കൊരി.13:1–14:1, മർക്കൊ.10:2–9

ആഗസ്റ്റ് 16, മൂന്നാം ഞായർ

വിഷയം: **സ്നാനം: ക്രിസ്തുവിനോട് കൂടെ മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന അനുഭവം**

ഉൽപ്പ.7:11–24, സങ്കീ.29, റോമ.6:1–14, യോഹ.12:20–26

ആഗസ്റ്റ് 23, നാലാം ഞായർ

വിഷയം: **വിശുദ്ധ കുർബാനയുടെ സാക്രമെന്ത്**

2.രാജാ.4:42–44, സങ്കീ.100, 1.കൊരി:11:23–30, യോഹ.6:11–59

ആഗസ്റ്റ് 30, അഞ്ചാം ഞായർ

വിഷയം: **ബഹുലത: വിശ്വാസം പങ്കുവെയ്ക്കലും സാർവ്വത്രിക മാനവികതയും**

യോന.4:1–11, സങ്കീ.82, അ.പ്ര.8:26–40, മത്താ.22:1–14

ധ്യാനപീഠം

# തിരുവത്താഴത്തിന്റെ പ്രാധാന്യം

റവ. ജെ. വത്സലം



തിരുവത്താഴത്തിൽ ആഴമായ ആശയങ്ങൾ ഉള്ളതിനാൽ അതിനെക്കുറിച്ച് പഠിക്കുന്നത് ആത്മാവിനെ ഉത്തേജിപ്പിക്കുന്ന ഒരനുഭവമാകും. യഹൂദന്മാർ അനേക നൂറ്റാണ്ടുകളായി ആഘോഷിച്ചു വന്നിരുന്ന പെസഹാപെരുന്നാളോടനുബന്ധിച്ച് താൻ ഒറ്റിക്കൊടുക്കപ്പെട്ട അന്ന് രാത്രിയിലാണ് നാമിപ്പോഴും ആചരിക്കുന്ന ഈ പുതിയ കൂട്ടായ്മയുടെ അത്താഴം കർത്താവ് ഏർപ്പെടുത്തിയത്. ക്രിസ്തീയ ആരാധനയുടെ ഏറ്റവും പ്രാധാന്യമുള്ള ഒരു ഭാഗമാണിത്. തന്റെ മരണ, പുനരുദ്ധാനങ്ങളെയും തന്റെ മഹത്വപ്രത്യക്ഷതയെും മടങ്ങിവരവിനെയും തിരുവത്താഴം നമ്മെ ഓർമ്മിപ്പിക്കുന്നു.

യഹൂദന്മാരുടെ മത ആചാരങ്ങളിൽ ഏറ്റവും വിശുദ്ധമായ ഒന്നായിരുന്നു പെസഹ പെരുന്നാൾ. മിസ്രയീമിലെ അടിമത്ത്വത്തിൽ നിന്നും ഇസ്രായേലിനെ വിടുവിക്കുവാൻ വേണ്ടി ദൈവം അയച്ച പത്താമത്തെ ബാധയായ കടിഞ്ഞൂൽ സംഹാരത്തിൽ നിന്നും ഇസ്രായേൽ ജനം സംരക്ഷിക്കപ്പെട്ടത് അന്നുരാത്രി അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിന്മേലും കുറുമ്പടിമേലും തളിക്കപ്പെട്ടിരുന്നതിനാലാണ്. കുഞ്ഞാടിന്റെ മാംസം പുളിപ്പില്ലാത്ത അപ്പത്തോടുകൂടി അവൻ ഭക്ഷിക്കുകയും ചെയ്തു. തലമുറതലമുറയായി ഈ പെരുന്നാൾ ആഘോഷിക്കണം എന്നത് ദൈവകൽപ്പനയായിരുന്നു. ഈ സംഭവത്തെക്കുറിച്ച് പുറപ്പാട് 12-ാം അദ്ധ്യായത്തിൽ വായിക്കാവുന്നതാണ്.

കർത്താവിന്റെ അന്ത്യഅത്താഴത്തിൽ - അത് ഒരു പെസഹ രാത്രിയായിരുന്നു - കർത്താവ് അപ്പം എടുത്ത് വാഴ്ത്തി തന്റെ ശിഷ്യന്മാർക്ക് കൊടുത്തിട്ട് ഇങ്ങനെ പറഞ്ഞു: 'ഇത് നിങ്ങൾക്ക് വേണ്ടി നൽകുന്ന എന്റെ ജീവന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രവും കൊടുത്തു. ഈ പാനപാത്രം നിങ്ങൾക്ക് വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു.' (ലൂക്കോ.22:19-20).

കർത്താവ് തിരുവത്താഴം ഏർപ്പെടുത്തിയതിനെക്കുറിച്ച് നാം എല്ലാ സുവിശേഷങ്ങളിലും വായിക്കുന്നു.(മത്താ.26:26-29, മർക്കൊ.14:17-25, ലൂക്കോ.22:7-22, യോഹ.13:21-30). തകർക്കപ്പെട്ട തന്റെ ശരീരത്തെ അപ്പം ചൂണ്ടിക്കാണിക്കുന്നു എന്ന് യേശു പ്രസ്താവിച്ചു. അവന്റെ അസ്ഥികൾ ഒന്നും ഒടിഞ്ഞു പോയിരു

ന്നില്ല, എങ്കിലും അവന്റെ ശരീരം തിരിച്ചറിയാൻ കഴിയാത്ത വിധം ചിത്രവധം ചെയ്യപ്പെട്ടിരുന്നു (സങ്കീ.22:12-17, യെശയ്യ.53:4-7). അവൻ അനുഭവിച്ച ക്രൂര മരണത്തിന്റെ പ്രതീകമായ അവന്റെ രക്തത്തെ മുന്തിരിച്ചാറ് ചൂണ്ടിക്കാണിക്കുന്നു. പഴയ നിയമപ്രവാചകന്മാർ വരുവാനിരിക്കുന്ന വീണ്ടെടുപ്പുകാരനെക്കുറിച്ച് പ്രവചിച്ചിരുന്ന അസംഖ്യം പ്രവചനങ്ങൾ ദൈവത്തിന്റെ ഏകജാതനായ പുത്രൻ നിറവേറ്റുകയുണ്ടായി (ഉൽപ്പ.3:17, സങ്കീ.22, യെശയ്യ.53).

'എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്യുവിൻ' എന്ന് അവൻ കൽപ്പിച്ചപ്പോൾ ഭാവിയിൽ നാം ചെയ്തുപോരേണ്ട ഒരു കർമ്മമായി അവൻ അതിനെ ഏർപ്പെടുത്തുകയായിരുന്നു. പെസഹായ്ക്ക് അറുക്കപ്പെട്ട കുഞ്ഞാടുകൾ ലോകത്തിന്റെ പാപത്തെ ചുമന്ന് ഒഴിക്കുവാൻ പോകുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ ചൂണ്ടിക്കാണിച്ചതു പോലെ തന്നെ പെസഹ പെരുന്നാൾ തിരുവത്താഴത്തിന്റെ നിഴലായിരുന്നു എന്നും സമർത്ഥിക്കപ്പെടുകയായിരുന്നു. നമ്മുടെ പെസഹ കുഞ്ഞാടായ ക്രിസ്തു അറുക്കപ്പെട്ടതോടു കൂടി പഴയ നിയമം നിഷ്കാസനം ചെയ്യപ്പെട്ട് പുതിയ നിയമം പ്രാബല്യത്തിൽ വരികയായിരുന്നു (എബ്ര.8:8-13). പഴയ നിയമ ബലികളും ആചാരങ്ങളും ഒന്നും തന്നെ ഇനിയും ആവശ്യമില്ലാതായിത്തീർന്നു (എബ്ര.9:25-28). അങ്ങനെ തിരുവത്താഴം ക്രിസ്തുവിന്റെ ബലിമരണത്തിന്റെ ഓർമ്മയെ പുതുക്കുന്നതോടൊപ്പം അതു മൂലം നമുക്ക് ലഭിച്ച അനുഗ്രഹങ്ങളുടെ ആഘോഷവുമായിത്തീർന്നു.

തിരുവത്താഴത്തെക്കുറിച്ച് സുവിശേഷങ്ങളിൽ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം അപ്പോസ്തലനായ വിശുദ്ധ പൗലോസ് രേഖപ്പെടുത്തുന്നു: 'അതുകൊണ്ട് അയോഗ്യമായി അപ്പം തിന്നുകയോ, കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാർ ആകും. മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്ന് കുടിക്കുകയും ചെയ്യുവാൻ' (1.കൊരി.11:27-29).

മാസത്തിൽ ഒരിക്കലോ, ഒന്നിലധികമോ പ്രാവശ്യം തിരുവത്താഴത്തിൽ പങ്കെടുക്കുന്നവരാകുന്നു നാം. ക്രമമായി തയ്യാറാക്കിയ ഒരു ആരാധനാക്രമം ഈ ശുശ്രൂഷയ്ക്ക് നമുക്ക് ലഭ്യമാണ്. അതിലെ 'അപ്പം നുറുക്കൽ' എന്ന ഭാഗം ആരംഭം മുതൽ ഉപയോഗിക്കാൻ നിർബ്ബന്ധബുദ്ധിയോടെ നാം ശ്രമിക്കാറുണ്ടോ? അയോഗ്യമായി തിരുവത്താഴത്തിൽ പങ്കെടുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിച്ചിട്ടുണ്ടോ?

## അയോഗ്യമായി പങ്കുകൊള്ളുക എന്നാൽ എന്താണ്?

**1. അർഹമായ മതിപ്പ് കൊടുക്കാതെ കർത്താവ് അതിനുവേണ്ടി കൊടുത്ത ഭീമമായ വിലയെ മറന്ന് പങ്കെടുക്കുന്നത്:** നമ്മുടെ അകൃത്യങ്ങൾക്കുള്ള ശിക്ഷ നാം ഏൽക്കേണ്ടിടത്ത് കർത്താവ് തന്റെ ശരീരത്തിൽ ഏറ്റുവാങ്ങി. ഇത് ആത്മാർത്ഥമായി ഓർക്കാതെ ഈ വിശുദ്ധ സാക്രമെന്തിൽ പങ്കെടുക്കുന്നത് അയോഗ്യമായി എന്നുതന്നെ കരുതണം

**2. വെറും ഒരു ചടങ്ങാചരണം:** മറ്റുള്ളവരെ ബോധ്യപ്പെടുത്താനോ, അധികാരസ്ഥാനങ്ങളിലെത്തിപ്പെടാനോ ഉള്ള ഒരു ചടങ്ങായി ഇതിനെ കാണുന്നവരുണ്ട്. സമയമില്ലാത്തിടത്ത് ഓടിവന്ന്, സ്ഥലമില്ലാത്തിടത്ത് ഇടിച്ചുകയറി,

അപ്പവും വീഞ്ഞും സ്വീകരിച്ച് പോകുന്നത് അയോഗ്യമായ ഒരു ചടങ്ങാചരണം അല്ലാതെ മറ്റെന്താകുന്നു.

**3. വിഭജിക്കപ്പെട്ടിരിക്കുന്ന സാഹചര്യങ്ങളിൽ പങ്കെടുക്കുന്നത്:** ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നവർ ഭിന്നതയിലും അകൽച്ചയിലും ശത്രുതയിലും എന്നുവരികിൽ അതു യോഗ്യമായ ഒരനുഭവമല്ല. ഒരേ പാത്രത്തിൽ നിന്നും കുടിക്കുന്നവർക്ക് തമ്മിൽ ഐക്യവും, സ്നേഹവും, കരുതലും നഷ്ടപ്പെട്ടു പോയാൽ ഈ വിശുദ്ധ സാക്രമെന്തിന്റെ നന്മയും ഗുണവും നഷ്ടമാവകുന്നു. ഒരേ കുടക്കീഴിൽ പോകുമ്പോഴും ഒരേ കൂരയ്ക്ക് കീഴേ പാർക്കുമ്പോഴും ഒരേ കിടക്ക പങ്കിടുമ്പോഴും ആത്മാർത്ഥമായ ഐക്യമില്ല എങ്കിൽ ആ വ്യക്തികളുടെ തിരുവത്താഴാചരണം അയോഗ്യമായതും അർത്ഥശൂന്യമായതുമായിരിക്കും.

**4. ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാത്ത പാപങ്ങളോടു കൂടി ആചരിക്കുന്നത്:** വിശുദ്ധന് മാത്രമേ ഈ വിശുദ്ധ സാക്രമെന്തിൽ പങ്കെടുക്കാനാകൂ എന്നുവന്നാൽ ആർക്കും ഇതിൽ പങ്കെടുക്കുവാനോ നന്മ അനുഭവിക്കാനോ കഴിയുകയില്ല. എന്നാൽ പാപത്തെക്കുറിച്ചുള്ള ബോധത്തോടും ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുവാനുള്ള മനസ്സൊരുക്കത്തോടും ഇതിൽ പങ്കെടുക്കാനായാൽ അനുഗ്രഹങ്ങളുണ്ട്. ആരാധനാക്രമത്തിൽ പാപം ഏറ്റുപറയുന്ന ഒരു ഭാഗമുണ്ട്. പക്ഷെ പലപ്പോഴും പലരും ഈ ഭാഗം ഉപയോഗിച്ചു കഴിഞ്ഞായിരിക്കും തിരക്കിട്ട് ഓടിവന്ന് തിരുവത്താഴത്തിൽ പങ്കെടുക്കുക.

**5. യോഗ്യതയെക്കുറിച്ചുള്ള പരിശോധനയില്ലാതെ പങ്കെടുക്കുന്നത്:** അപ്പം നുറുക്കൽ ശുശ്രൂഷയ്ക്കുള്ള ആരാധനക്രമത്തിൽ ആരംഭഭാഗത്ത് തന്നെ 'അയോഗ്യരായ ഞങ്ങൾ യേശു മശിഹാ മുഖാന്തിരം അങ്ങയോട് അടുത്തുവരുന്നു' എന്ന് സ്വർഗ്ഗസ്ഥ പിതാവിനോട് ഏറ്റുപറയുന്ന സന്ദർഭമുണ്ട്. പക്ഷെ പലപ്പോഴും ഈ ഏറ്റുപറച്ചിലിൽ പങ്കുകൊള്ളുവാൻ ആലയത്തിനുള്ളിൽ എത്തിയിട്ടുണ്ടാവില്ല. അപ്പ, വീഞ്ഞുകൾ കൈക്കൊള്ളുന്നതിന് തൊട്ടുമുന്നിലുള്ള പ്രാർത്ഥനയിലും ഒരുവന്റെ യോഗ്യതയെപറ്റി ശോധന ചെയ്യുന്ന അവസരമുണ്ട്. സ്വന്തം നീതിയിൽ ആശ്രയിക്കാതെ കർത്താവിന്റെ കരുണയിൽ സമർപ്പിച്ച്, കർത്താവിന്റെ മേശയിൽ നിന്ന് വീഴുന്ന അപ്പനുറുക്കുകൾ പോലും അനുഭവിക്കുവാൻ യോഗ്യതയില്ല എന്ന് സമർത്ഥിച്ചുകൊണ്ടുള്ള പ്രസ്താവന സ്വയം ശോധനയുടെ അനുഭവമാണ്. പക്ഷെ ഈ സമാപന പ്രാർത്ഥനാ സമയത്തും സ്വീകരണാർത്ഥി ആരാധനാ സ്ഥലത്ത് എത്തിയിട്ടുണ്ടാവില്ല. ഇത് തീർത്തും അയോഗ്യമായ പങ്കെടുക്കൽ തന്നെ. കർത്താവിന്റെ അത്താഴത്തിൽ ഒടുവിൽ ഓടിയെത്തി ആശിർവാദത്തിന് തൊട്ടുമുമ്പ് വന്ന് പലരും സ്വീകരിച്ചുകഴിഞ്ഞ ശേഷം അപ്പവും വീഞ്ഞും സ്വീകരിച്ച് തൃപ്തിപ്പെടുന്നതിൽ അനുഗ്രഹത്തെക്കാൾ ദോഷമുണ്ടാകും എന്ന് ചിന്തിക്കുക. ആരാധനയിൽ ആരംഭം മുതൽ പങ്കെടുത്ത് വിശുദ്ധ വസ്തുക്കൾ സ്വീകരിച്ച് നന്മ അനുഭവിക്കുക.

ആരാധനയിലൂടെ ശരീരത്തെ വിവേചിക്കാൻ കഴിയാതെ പോയാൽ ശിക്ഷാവിധി ഏറ്റുവാങ്ങുകയാണ് (1.കൊരി.11:29). ബലഹീനരാകുകയോ, രോഗികകളാകുകയോ ആകും അനന്തരഫലം. ആയതിനാൽ തിരുവത്താഴത്തെ വളരെ ഗൗരവത്തോടെ മാനിച്ച് അതിൽ പങ്കെടുക്കുക. ശിക്ഷകളിൽ നിന്നും രക്ഷപ്പെടുക. നന്മയും അനുഗ്രഹങ്ങളും നേടുക.

●



**49th Death Anniversary**
05-08-2015

## In ever loving memory of

### Rev. C. Sathia Das
Amaravila

*Died on 05-08-1966 at the age of 53*

*We shall meet on that beautiful shore*

*Inserted by children*
Mrs. Salina Bai Ambrose, S. Ivan (Late)
Mrs. Suguna Bai Devanesan (Late), S. Isen

## In Loving Memory of



### STANLY SATHYANESAN
(Ex-Mayor of Thiruvananthapuram Corporation )

Called to Eternal Glory on 05-08-2001

***Wife: Molly Stanly***
***Son: Dr. Benoy Stanly, Seena Stanly, Shaun Mathew Stanly***
***Bejoy Stanly, Dania Stanly, Jessica Ann Stanly***

## SECOND DEATH ANNIVERSARY

**6-8-2015**



## ALPHONSE JONES J.

Rtd. Accounts Officer, Animal Husbandry Department

*By sorrowing family: Baby Jones (wife)*
*Children & grand children*

TC 23/1232, BNRA 166A, Bhagavathy Nagar, Kowdiar

## In Ever Loving Memory of



**A. Ponnoose** — **S. L. Rositty**

*Called to Eternal Rest on*

August 15, 1988 — June 5, 2010

*Memory is a golden chain that binds us till we meet again*

*By Children and Grandchildren*

# സൗഹൃദങ്ങളും സോഷ്യൽ നെറ്റ്‌വർക്ക് മീഡിയകളും

ഡോ. ശാന്താ യേശുദാസ്
(ശാന്തിദൂത് ഹോസ്പിറ്റൽ, പാൽക്കുന്ന്)

ആഗസ്റ്റ് ആദ്യ ഞായർ ലോകസൗഹൃദ ദിനമാണ്. മനുഷ്യൻ ഒരു സമൂഹജീവിയാണ്. ചരിത്രാതീത കാലംമുതൽ പ്രായഭേദമെന്യേ സൗഹൃദ ങ്ങൾ ആഗ്രഹിക്കുന്നവരാണ് നാം. നമ്മുടെ ജനസംഖ്യയിൽ പകുതിയോളം പേർ കുട്ടികളും കൗമാരപ്രായക്കാരുമാണ്. സൗഹൃദങ്ങൾ ഏറ്റവും കൂടു തൽ ഇഷ്ടപ്പെടുന്നവരും ഈ പ്രായക്കാരാണ്. സുഹൃത്തുക്കൾ പലതരക്കാ രാണ് - ബന്ധുക്കളായ സുഹൃത്തുക്കൾ, സഹപാഠികളായ സുഹൃത്തുക്കൾ, അയൽക്കാരായ സുഹൃത്തുക്കൾ, ഔദ്യോഗിക രംഗങ്ങളിലെത്തുമ്പോള സഹ പ്രവർത്തകരായി എത്തുന്ന സുഹൃത്തുക്കൾ എന്നിങ്ങനെ നമ്മുടെ ജീവിത ത്തിലേക്ക് കടന്നുവരുന്ന പല സുഹൃത് ബന്ധങ്ങളും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുകയും ചെയ്യാറുണ്ട്.

നാലഞ്ച് പതിറ്റാണ്ടുകൾക്ക് മുമ്പുവരെ ബാല്യകാല സൗഹൃദങ്ങൾക്ക് നിറവും ആഴവും നൽകിയിരുന്നു സ്കൂളുകളിലെ കളിക്കളങ്ങളിലും കോളേജ് കാമ്പസ്സുകളിലും ഇന്ന് സൗഹൃദങ്ങൾ വറ്റിവരണ്ട് പോയിരിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ അതിപ്രസരമുള്ള ആധുനിക യുഗത്തിൽ സഹപാഠി കളായ പെൺകുട്ടികളുടെ ഫോട്ടോ മൊബൈൽ ഫോണിൽ പകർത്തി അവരെ ബ്ലാക്ക്മെയിൽ ചെയ്യാൻ ശ്രമിച്ച് അവരുടെ മാനസികനില തകരാറിലാക്കി ആത്മഹത്യയിലേക്ക് തള്ളിവിടുന്ന പ്രവണതയുള്ള സൗഹൃദങ്ങൾ അനുദിനം വർദ്ധിച്ചുവരികയാണ്.

## എന്താണ് സോഷ്യൽ മീഡിയ നെറ്റ്‌വർക്ക്?

ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ അത്യാവശ്യ സന്ദേശങ്ങൾ കൈമാറുന്നതിനായി ടെലഫോൺ കഴിഞ്ഞ നൂറ്റാണ്ടിന്റെ പകുതിക്ക് ശേഷ മാണ് ലോകത്തിന്റെ എല്ലാ മുക്കിലും മൂലയ്ക്കും പാർക്കുന്നവരിലേക്ക് ലഭ്യ മായത് എന്ന് മനസ്സിലാക്കാം. ആധുനിക യുഗത്തിൽ ജീവിക്കാൻ വിധിക്ക പ്പെട്ടിരിക്കുന്ന നമ്മുടെ കുട്ടികളുടെ ജീവിതരീതിയിൽ ഏറ്റവും അധികം സ്വാ ധീനം ചെലുത്തുന്ന ഘടകമായി ഗുണദോഷ സമ്മിശ്രമായ സോഷ്യൽ മീഡിയ നെറ്റ്‌വർക്ക് മാറിക്കഴിഞ്ഞു. ഇന്ന് മൊബൈൽ ഫോണിന്റെ യുഗമാണ്. ഒരു തീപ്പെട്ടി വാങ്ങുന്ന ലാഘവത്തോടെ ആർക്കും മൊബൈൽ ഫോൺ വാങ്ങി ഉപയോഗിക്കാം. മൊബൈൽ ഫോണിലോ, ലാപ്ടോപ്പിലോ വിരലൊന്നമർത്തി യാൽ അറിവിന്റെയും വിനോദത്തിന്റെയും വിസ്മയലോകം നമുക്കുമുന്നിൽ തുറക്കുന്ന സംവിധാനമാണ് ഇന്റർനെറ്റ്. ഔദ്യോഗിക കാര്യങ്ങൾ, വിദൂരത യിൽ താമസിക്കുന്ന ബന്ധുക്കളുമായുള്ള ആശയവിനിമയം എന്നിവയ്ക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിൽ തെറ്റില്ല. ഇന്റർനെറ്റിന് പുറമേ സാമൂഹിക മായ ആശയവിനിമയം സാധ്യമാക്കുന്ന സൈറ്റുകളായ ഫേസ്ബുക്ക്, യൂട്യൂബ്, ടിിറ്റർ, വാട്ട്സ്ആപ്പ്, ബ്ലോഗുകൾ എന്നിവ എല്ലാം ഈ ഗണത്തിൽപ്പെടുന്നു. ആശയവിനിമയ പാടവം വർദ്ധിപ്പിക്കുക, പുതിയ കാര്യങ്ങൾ പഠിക്കുക, പഠന

ത്തിന്റെ ഭാഗമായ പ്രോജക്ടുകൾ തയ്യാറാക്കുക, സർഗ്ഗാത്മകമായ കാര്യങ്ങളുടെ വിശകലനം സാധ്യമാക്കുക എന്നീ കാര്യങ്ങളെല്ലാം ഇവയുടെ സൂക്ഷമതയോടു കൂടിയ ഉപയോഗത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന പ്രയോജനങ്ങളാണ്.

സോഷ്യൽ നെറ്റ്‌വർക്ക് മീഡിയകൾ ഉപയോഗിക്കുന്നതിൽ സൂക്ഷ്മതയും മിതത്വവും പാലിച്ചില്ലെങ്കിൽ ഇവ ഗൗരവപൂർണ്ണമായ ശാരീരി, ആരോഗ്യ പ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ എന്നിവ ഉണ്ടാക്കിയേക്കാം. ഈ രംഗത്ത് നടത്തിയ പഠനങ്ങൾ തെളിയിക്കുന്ന നമ്മുടെ നാട്ടിൽ 35 ശതമാനത്തോളം കൗമാരപ്രായക്കാർ ദിവസേന ഒരു തവണയെങ്കിലും ഈ സൈറ്റുകൾ സന്ദർശിക്കാറുണ്ട്, മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരിൽ 20 ശതമാനത്തോളം പേർ ദിവസേന പലപ്രാവശ്യം ഈ സൈറ്റുകളിൽ കയറിയിറങ്ങുന്നവരാണ് എന്നാണ്.

**കൗമാരപ്രായക്കാരിൽ ഇന്റർനെറ്റ് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ**

1. **കാഴ്ചയിലെ വൈകല്യങ്ങൾ:** വളരെ നേരം ഒരേ ഇരിപ്പിലിരുന്ന് കമ്പ്യൂട്ടർ മോണിറ്ററിൽ കണ്ണുനട്ടിരിക്കുന്ന കുട്ടികളിൽ കാഴ്ചയിലെ വൈകല്യങ്ങൾ വളരെ വ്യാപകമാണ്.
2. **അക്രമവാസന:** യഥാർത്ഥ ലോകത്തെയും ഫാന്റസിയെയും ഇഴപിരിച്ച് കാണാൻ കഴിയാത്ത അവസ്ഥയിലേക്ക് കുട്ടികളിൽ പഠനവൈകല്യങ്ങളും അക്രമവാസനയും വർദ്ധിക്കുന്നു.
3. **ഭയാനകമായ രീതിയിൽ അടിമത്തം സൃഷ്ടിക്കുന്നു:** പുകവലി, മദ്യപാനം, ലഹരിമരുന്നിന്റെ ഉപയോഗം എന്നിവ ഉണ്ടാക്കാറുള്ള അടിമത്തം (അഡിക്ഷൻ) പോലെയും അവയെക്കാൾ ഭയാനകമായ രീതിയിലും ഇന്റർനെറ്റിന്റെ ഉപയോഗം കുട്ടികളിലും കൗമാരപ്രായക്കാരിലും അടിമത്തം സൃഷ്ടിക്കാറുണ്ട്. ഒരു ദിവസം ഇന്റർനെറ്റിൽ കയാതെ വന്നാൽ ഇക്കൂട്ടരിൽ മദ്യപാനികൾക്ക് സംഭവിക്കാറുള്ളതുപോലുള്ള വിത്ഡ്രോവൽ സിംഡ്രോം പോലും കണ്ടുവരുന്നുണ്ട്.

**രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

അതിവേഗത്തിൽ വളരുന്ന ശരീരം, പക്വതയെത്തിയിട്ടില്ലാത്ത മനസ്സ് എന്നിവ കൗമാരപ്രായത്തിന്റെ പ്രത്യേകതകളായതിനാൽ കൗതുകം, സാഹസികത, അന്വേഷണത്വര എന്നിവ ഈ പ്രായത്തിൽ മുന്നിട്ടുനിൽക്കാറുണ്ട് എന്ന സത്യം മാതാപിതാക്കൾ മറക്കരുത്. ഈ പ്രായത്തിന്റെ പ്രത്യേകതയും, ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും സ്വാധീനവും ഒത്തുചേർന്ന് കൗമാരപ്രേമങ്ങളുടെ ചതിക്കുഴിയിൽപ്പെട്ടു പോയ പെൺകുട്ടികൾ നിരവധിയാണ്. തങ്ങളുടെ മക്കൾ തിന്മകളിലേക്ക് തിരിഞ്ഞുപോയി എന്ന് മാതാപിതാക്കൾ മനസ്സിലാക്കുമ്പോൾ അവർ ചതിക്കുഴികളുടെ അഗാധഗർത്തങ്ങളിൽ എത്തിക്കഴിഞ്ഞിരിക്കും.

മാതാപിതാക്കൾ തങ്ങളുടെ കുട്ടിക്ക് ഒരു ദോഷവും വരുത്തുകയില്ല എന്ന ശുഭാപ്തിവിശ്വാസം ഒഴിവാക്കി സത്യത്തെ സത്യമായി കാണുക. സോഷ്യൽ നെറ്റ്‌വർക്ക് മീഡിയയ്ക്ക് അടിമപ്പെട്ടവർക്ക് പഠനവൈകല്യങ്ങൾ, വിഷാദ രോഗങ്ങൾ, ഇന്റർനെറ്റ് അടിക്ഷന്റെ ലക്ഷണങ്ങൾ എന്നിവ പ്രത്യക്ഷപ്പെട്ടാൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള വിദഗ്ധ ചികിത്സ അവർക്ക് നൽകേണ്ടതാണ്.

**Poem**

# Your Saviour Comes

Juliet Josephus

Rejoice,my soul,your Saviour comes,
The time draws nigh,He'll surely come,
The Church,His Bride,waits longingly,
Till all the souls that seek the Lord,
Shall meet Him in the sky-face to face.

The times indicate the day's near,
Look around the world,you will see,
The signs all point to the fact
That Jesus will soon come to earth:
He waits for Father God's approval.

The trumpet soon shall be sounded,
Then shall He leave Heaven and come;
Are you ready to go with Him?
Are you preparing to do so?
Do you long to be in His presence?

Then do get ready,O my soul,
Prepare for His coming for you
Your Saviour's going to come back
To take you to Heaven with Him:
Your wait for Him,will not be in vain.

Till then,let's tell whoev'r we can
Of the Saviour who died for us,
Tell about the Father who loves
Mankind He created,oh so much,
Sacrificed His own beloved Son.

There was no other way to save
Mankind caught in the web of sin,
God had to be born as human
To suffer and die like human,
But He rose triumphant,death conquered.

Only repent of all your sins,
Believe in Jesus,receive Him,
Ask Him to come into your life,
He'll come to reside within you,
Be born again in spirit, in truth.

Centuries have passed since He left
With promise that He would return;
This promise is to be fulfilled,
Signs and wonders reveal this fact:
The Gospel has reached the ends of earth.

---

▶ സൗഹൃങ്ങൾ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഓരോ കുട്ടിയും ദൈവത്തിന്റെ അമൂല്യ സൃഷ്ടിയാണ്. ഭവനങ്ങളിൽ ദിവസേന നടത്തുന്ന കുടുംബപ്രാർത്ഥന, വേദപുസ്തക വായന, ഞായറാഴ്ചകളിൽ പള്ളിയിൽ മുടങ്ങാതെ പോകുക, നല്ല സണ്ടേസ്കൂൾ വിദ്യാർത്ഥികളായിരിക്കുക എന്നീ ശീലങ്ങൾ കുട്ടികളിൽ ശൈശവം മുതൽ വളർത്തിയെടുക്കുകയും കുട്ടികൾക്ക് അനുകരിക്കാവുന്ന മാതൃകകളായി മാതാപിതാക്കൾ ജീവിക്കുകയും ചെയ്താൽ സോഷ്യൽ മീഡിയ നെറ്റ്വർക്കുകളുടെ അടിമകൾ ആകാതെ അവർ വളർന്ന് ഔന്നത്യങ്ങൾ കയ്യടക്കും - അവർ മേശയ്ക്ക് ചുറ്റും ഒലിവുതൈകൾ പോലെ പ്രകാശിക്കുകയും ചെയ്യും. ●

ലേഖനം

# യോഗ ദൈവമക്കൾക്ക് യോഗ്യമോ?

**ബെഞ്ചമിൻ മോസസ്, 9447246599**

പഴയ പാമ്പിന്റെ കൗശലത്തിന്റെ പുതിയ പതിപ്പാണ് യോഗ. ഭാരതീയ ദർശനത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ്. മുമ്പ് മഹർഷിമാർ മാത്രം ചെയ്തുകൊണ്ടിരുന്നത് ഇപ്പോൾ ജനപ്രിയമായിരിക്കയാണ്. ശരീരവ്യായാമം ആവശ്യമാണ്. അതു നല്ലതുതന്നെ. എന്നാൽ യോഗ വെറും ശരീരവ്യായമമല്ല എന്നും അത് ശരീരവും മനസ്സും പരമാത്മാവും തമ്മിൽ യോജിപ്പിച്ചുള്ള ആത്മീയതയുടെ അനന്തതയിലേക്കുള്ള കവാടമാണെന്നും യോഗാചാര്യന്മാർ പറയുന്നു. യോഗാസനങ്ങളിലൂടെ യേശുക്രിസ്തു നമുക്കായി തുറന്ന കൃപാസനത്തിലേക്കു പ്രവേശിക്കുവാൻ കഴിയുമോ? ശരീരാരോഗ്യവും മാനസികാരോഗ്യവും വേണമെന്നാഗ്രഹിക്കുന്ന നാം യോഗ എന്ന നുകത്തിൻ കീഴിൽ നമ്മെ തളച്ചിടരുത്. അത് മധുരപലഹാരത്തിൽ ചേർത്തിരിക്കുന്ന വിഷം പോലെയാണ്. യേശു പറഞ്ഞു: ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ടു എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്താ.11:29).യോഗ വിശാല വഴിയാണ്. അത് ക്രിസ്തു മാർഗ്ഗത്തോട് കൂട്ടിച്ചേർക്കാനാവില്ല. യോഗയിലൂടെ ശരീരവും മനസ്സും ഉത്തേജിപ്പിക്കും. എന്നാൽ അതുമൂലം ആത്മാവിന് ആശ്വാസം ലഭിക്കുന്നില്ല. ദൈവത്തിന്റെ അടുക്കൽ എത്തുവാൻ ദൈവം മനുഷ്യനു നൽകിയ ഏക മാർഗ്ഗം യേശുക്രിസ്തു മാത്രം ആയിരിക്കെ, ക്രിസ്തുമതം വളരെ തന്ത്രപരമായി യേശുക്രിസ്തുവിനോട് അടുക്കുവാൻ നിരവധി വഴികൾ ഉണ്ടാക്കി ജനത്തെ വഞ്ചിച്ചുകൊണ്ടിരിക്കുന്നു.

ബഹുഭൂരിപക്ഷവും വിശ്വസിക്കുന്നത് മനുഷ്യനിൽ ദൈവാത്മാവ് അന്തർലീനമായിരിക്കുന്നു എന്നാണ്. അതുകൊണ്ട് മനുഷ്യനിലുള്ള ദൈവാത്മാവിനെ ഉത്തേജിപ്പിക്കുവാൻ ആസനങ്ങൾ എടുക്കുമ്പോൾ ശരീരത്തിനും മനസ്സിനും ആത്മാവിനും സൗഖ്യം ഉണ്ടാകുമെന്ന് യോഗാചാര്യന്മാർ പറയുന്നു. എന്നാൽ മനുഷ്യനിൽ ഉള്ളത് ദൈവാത്മാവല്ല എന്നും മനുഷ്യാത്മാവാണെന്നും പരിശുദ്ധാത്മാവായ ദൈവാത്മാവിനെ പ്രാപിക്കേണ്ടതാണെന്നും ദൈവവചനം പഠിപ്പിക്കുന്നു. ദൈവാത്മാവിനെ സ്വീകരിക്കാത്തവൻ അവൻ അറിയാതെ തന്നെ ഈ ലോകത്തിന്റെ ദൈവമായ സാത്താനും പിശാചുമായ പഴയ പാമ്പിൽ നിന്നും പുറപ്പെടുന്ന ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്നു (2കൊരി.11,12, എഫെ.2:1–3).

ഇന്നു സഭാവിഭാഗങ്ങളിൽ കാണുന്ന ന്യു ജനറേഷൻ റിവൈവൽപോലും സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കേണ്ടിയിരുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം നൽകി ഇടുങ്ങിയ വഴിയിലൂടെ സകല സത്യത്തിലും നടത്തുന്നവനാണ് പരിശുദ്ധാത്മാവാം ദൈവം.

എന്നാൽ ഇന്നു കാണുന്ന ഉണർവ്വിൽ ദൈവവചനത്തെക്കാൾ ദൈവാനുഭവങ്ങൾ എന്നു വിശേഷിപ്പിക്കുന്ന രോഗശാന്തിയ്ക്കും അത്ഭുതങ്ങൾക്കുമാണ് സ്ഥാനം. എവിടെയങ്കിലും യേശുക്രിസ്തുവിന്റെ ഉപദേശത്തിൽ കൂട്ടിച്ചേർക്കയോ കുറയ്ക്കുകയോ ചെയ്യുന്നെങ്കിൽ അവിടെ വ്യാപരിക്കുന്നത് പരിശുദ്ധാത്മാവായിരിക്കണമെന്നില്ല, പ്രവൃത്തിക്കുന്ന യേശു യഥാർത്ഥ യേശു

ആയിരിക്കണമെന്നില്ല, പ്രസംഗിക്കപ്പെടുന്ന സുവിശേഷം യഥാർത്ഥ സുവിശേഷവുമല്ല (2കൊരി.11:2-4).

ഇടുക്കമുള്ള വാതിലും ഇടുങ്ങിയ വഴിയുമായ ക്രിസ്തുമാർഗ്ഗം ഇന്ന് വീതിയുള്ള വാതിലും വിശാലമായ വഴിയുമായി നാം മാറ്റിയില്ലേ എന്നു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഓരോ സഭാവിഭാഗങ്ങളും അവരുടേതായ വാതിലും വഴിയും വെട്ടിവച്ചിരിക്കുന്നു.

യേശുക്രിസ്തു പറഞ്ഞു എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും. ഇതാകുന്നു അവൻ തന്ന വാഗ്ദത്തം, നിത്യജീവൻ തന്നെ. നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇതു നിങ്ങൾക്ക് എഴുതിയിരിക്കുന്നു. പരിശുദ്ധാത്മാവ് നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിപ്പിൻ. ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ (1യോഹ.2:21,28).

രക്ഷയും പരിശുദ്ധാത്മാവും ദൈവത്തിന്റെ ദാനമാണ്. അല്ലാതെ നമ്മുടെ പ്രയത്നത്താൽ ലഭിക്കുന്നതല്ല. മാനസാന്തരവും യേശുക്രിസ്തുവിലുള്ള വിശ്വാസവുമാണ് നമ്മിൽ നിന്നും ഉണ്ടാകേണ്ടത്. പരിശുദ്ധാത്മാവ് എന്ന ആദ്യദാനം നാം പ്രാപിച്ചിട്ടുണ്ടെങ്കിൽ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനാൽ പിതാവായ ദൈവം യേശുക്രിസ്തു മുഖാന്തരം നമ്മെയും ഉയർപ്പിക്കും. ഇന്ന് ഭൂരിപക്ഷം ക്രിസ്ത്യാനികളും ക്രിസ്തുമതക്കാരാണ്. ക്രിസ്തുമാർഗ്ഗം ക്രിസ്തുവിനെ മാത്രം അനുഗമിക്കുന്ന ജീവിതമാണ്.

ദുഷ്ടമനുഷ്യരും മായാവികളും വഞ്ചിച്ചും വഞ്ചിക്കപ്പെട്ടും മേൽക്കുമേൽ ദോഷത്തിൽ മുതിർന്നു വരും. എന്നാൽ നമ്മെ രക്ഷെയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവചനം ധ്യാനിച്ചും അനുസരിച്ചും ജീവിക്കുമെങ്കിൽ നന്മയും കരുണയും നമ്മുടെ ആയുഷ്ക്കാലമൊക്കെയും നമ്മെ പിൻതുടരുകയും നിത്യതയിൽ നാം യുഗായുഗമായി ക്രിസ്തു വിനോടൊപ്പം വസിക്കുകയും ചെയ്യും (2തിമൊ 3:13-17). ക്രിസ്തുവാകുന്ന വഴിയിൽ നാം എപ്രകാരം നടക്കണമെന്ന് ആ വഴിയിൽ നടന്ന അപ്പൊസ്തലന്മാർ ലേഖനങ്ങളിലൂടെ വ്യക്തമാക്കിത്തന്നിരിക്കുന്നു. സകല സത്യത്തിലും നമ്മെ വഴിനടത്തുന്ന പരിശുദ്ധാത്മാവിനെ അനുസരിച്ചുകൊണ്ട് ക്രിസ്തുമാർഗ്ഗത്തിൽ നമുക്ക് നടക്കാം.

## EVENTS upto 18-07-2015

### Crossed Jordan to be with the Lord



| Sl.No | Family No | Member |
|---|---|---|
| 1 | 852 | **Jayadas J. T.**<br>TC 11/1401, 87 Bains Compound,<br>Nanthencode,TVM 3<br>**Died on:- 06-07-2015** |

### Baptism

| Sl No | Family No | Name | Date of Baptism |
|---|---|---|---|
| 1 | 1606 | Ms.Merrill Ray Dileep | 12-07-2015 |

ലേഖനം

# നിനക്കു മനസ്സുണ്ടെങ്കിൽ.......

**അഡ്വ. സർജിൻ തോമസ്**

മത്തായി എഴുതിയ സുവിശേഷം 8:1-4 വരെയുള്ള വാക്യങ്ങളിൽ കർത്താവായ ക്രിസ്തുവിന്റെ അടുക്കലേക്ക് കടന്നു വന്ന ഒരു കുഷ്ഠരോഗി അവനെ നമസ്ക്കരിച്ചതിന് ശേഷം 'കർത്താവേ, നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും' എന്ന് പറഞ്ഞു. യേശു കൈ നീട്ടി അവനെ തൊട്ടു : എനിക്ക് മനസ്സുണ്ട് ; നീ ശുദ്ധമാക എന്നു പറഞ്ഞു.

യേശുവിന്റെ അടുക്കലേക്ക് കടന്നുവന്ന ആരെയും കർത്താവ് തള്ളികളയില്ല. കണ്ണുനീരിനെ മറികടക്കാത്ത ഒരു ദൈവം, ചതഞ്ഞ ഓട ഒടിക്കാത്ത നാഥൻ, പുകയുന്ന തിരി, കെടുത്താത്ത നല്ല ഇടയൻ, തനിക്ക് വിശന്നപ്പോൾ കല്ലിനെ അപ്പമാക്കാൻ പ്രലോഭനമുണ്ടായിട്ടും അത് ചെയ്യാതെ, തന്റെ മക്കൾക്ക് വിശന്നപ്പോൾ അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരുടെ വിശപ്പ് അകറ്റുവാൻ കരുതൽ കാട്ടിയ കരുണയുടെ ഉടയവനാണ് നമ്മുടെ ദൈവം. ആ ഭാവം നമ്മിലുണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു, നമ്മുടെ സഹോദരങ്ങൾക്ക് വിശക്കുമ്പോൾ അത് നമ്മുടെയും വിശപ്പായി തീരണം. അവർക്ക് ദാഹിക്കുമ്പോൾ, അവർ ഭവനരഹിതരായിരിക്കുമ്പോൾ, രോഗത്തിലായിരിക്കുമ്പോൾ, ആ വേദന നമ്മുടെ ഭാരമായി തോന്നിയാലേ നമ്മുക്ക് നമ്മുടെ സഹോദരങ്ങളെ സഹായിക്കുവാൻ സാധിക്കുകയുള്ളൂ. **മറ്റുള്ളവരെ കരുതുവാൻ, സഹായിക്കുവാൻ, പണത്തെക്കാളും, സമയത്തെക്കാളും വേണ്ടത് അതിനുള്ള മനസ്സാണ്.** കുഷ്ഠരോഗി ക്രിസ്തുവിന്റെ അടുക്കൽ വന്ന് നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് പറഞ്ഞപ്പോൾ കർത്താവ് അവന്റെ കുഷ്ഠം നിറഞ്ഞു നിൽക്കുന്ന ശരീരത്തിൽ തൊട്ടതിനു ശേഷം അവനോട് എനിക്ക് മനസ്സുണ്ട്, നീ ശുദ്ധമാക എന്നു പറഞ്ഞത്. ശുദ്ധനായ ശേഷമല്ല കർത്താവ് അവനെ തൊടുന്നത്, മറിച്ച് അവന്റെ അതേ അവസ്ഥയിൽ സമൂഹം അറപ്പോടും, വെറപ്പോടും നോക്കുന്ന ആ ശരീരത്തിൽ തൊട്ടതിന് ശേഷമാണ് ശുദ്ധനാക്കുന്നത്.

മത്തായി 25:31-46 വരെയുള്ള വാക്യങ്ങളിൽ ദൈവം തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും, ഇടയൻ ചെമ്മരിയാടുകളെയും, കോലാടുകളെയും തമ്മിൽ വേർതിരിക്കുന്നതുപോലെ മാനവരാശിയെയും, അവരുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ വേർതിരിക്കുന്നത് വായിക്കുവാനായി സാധിക്കും. അവിടെ നമ്മുടെ എളിയ സഹോദരങ്ങൾക്ക് വിശന്നപ്പോൾ ഭക്ഷിപ്പാൻ നൽകാത്തവരെയും, ദാഹിച്ചപ്പോൾ കുടിപ്പാൻ നൽകാത്തവരെയും, നഗ്നനായിരുന്നപ്പോൾ ഉടുപ്പിക്കാത്തവരെയും, അങ്ങനെ സ്വാർത്ഥരായ ജനവിഭാഗത്തെ പിശാചിനും, അവന്റെ ദൂതൻമാർക്കും ഒരുക്കിയിരിക്കുന്ന നിത്യ അഗ്നിയിലേക്ക് അയക്കുന്നത് വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. നമ്മുക്ക് ലഭിച്ചിരിക്കുന്നത് സകലതും, നമ്മുടെ സമ്പത്ത്, ആരോഗ്യം, വിദ്യാഭ്യാസം, ആയുസ്സ് എല്ലാം ദാനമാണെന്നും, എക്കാലവും നമ്മുക്ക് അവ തുണയായി നിൽക്കില്ല എന്നും പൂർണ്ണമായി മനസ്സിലാക്കുമ്പോൾ, നമ്മുക്ക് ലഭിച്ച ദാനം പങ്കു വയ്ക്കുവാൻ സാധി

ക്കും. രോഗത്തിലായിരിക്കുന്ന ഒരു വ്യക്തിയെ കാണുമ്പോൾ ആരോഗ്യം എന്ന ദാനം എനിക്ക് ലഭിച്ചില്ലായിരുന്നുവെങ്കിൽ ആ വ്യക്തി ഞാൻ ആയിരിക്കുമായിരുന്നു എന്ന് ചിന്തിക്കുവാൻ നമ്മുക്ക് സാധിക്കണം. ശീഥികരിച്ച കിടപ്പുമുറിയിൽ നാം നിദ്ര കൊള്ളുമ്പോൾ, മേൽക്കൂരയില്ലാത്ത, വാതിലോ, ജന്നലോ ഇല്ലാത്ത കുടിലുകളിൽ പെൺകുഞ്ഞുങ്ങളെ മാറോട് ചേർത്തണച്ച്, പേടിച്ച് വിറങ്ങലിച്ച്, പ്രാർത്ഥനയോടു കൂടെ രാത്രിയുടെ യാമങ്ങൾ തള്ളിനീക്കുന്ന അനേകം കുടുംബങ്ങൾ നമ്മുക്ക് ചുറ്റുമുണ്ട്. രോഗത്തിന്റെ കാഠിന്യത്തിൽപെട്ട്, വേദനയിൽ പിടഞ്ഞുകൊണ്ട്, ചികിത്സിക്കുവാൻ സമ്പത്തില്ലാതെ, മരണത്തിന്റെ പിടി മുറുകുന്നതും കാത്ത് ഭയത്തോടെ വേദന അനുഭവിച്ച് കഴിയുന്ന അനേകം വ്യക്തികളുണ്ട്.

അവരുടെ അവസ്ഥ കാണാൻ കഴിയാതവണ്ണം നമ്മുടെ കണ്ണ് കുരുടായിരിക്കുന്നോ? അവരുടെ നിലവിളി കേൾപ്പാൻ കഴിയാത്ത വണ്ണം നമ്മുടെ ചെവി മന്ദമായിരിക്കുന്നോ? അവരെ സഹായിപ്പാൻ കഴിയാത്ത വണ്ണം നമ്മുടെ ഹൃദയം തടിച്ചിരിക്കുന്നോ?

മദർ തെരേസ പറഞ്ഞു, 'നിനക്ക് നൂറുപേരുടെ വിശപ്പകറ്റുവാൻ സാധിക്കില്ലെങ്കിൽ, നീ ഭക്ഷിക്കുമ്പോൾ ഒരുവന് ഭക്ഷണം നൽകുവാൻ നിനക്ക് സാധിക്കില്ലേ'?

നമ്മുക്ക് മനസ്സുണ്ടെങ്കിൽ.... നമ്മുടെ സഹോദരന്റെ വിശപ്പകറ്റുവാൻ നമ്മുക്ക് സാധിക്കും, വേദന മാറ്റാൻ സാധിക്കും. ദാരിദ്ര്യം മാറ്റാൻ സാധിക്കും. കണ്ണുനീർ തുടയ്ക്കാൻ സാധിക്കും.... വേണ്ടത്, അവരെ കരുതുവാനുള്ള മനസ്സാണ്.

നമ്മുക്ക് ചുറ്റുമുള്ള നിർദ്ധനരായ സഹോദരങ്ങളുടെ നിലവിളിക്കും പ്രാർത്ഥനയ്ക്കും ദൈവം ഉത്തരം നൽകുന്നത് നമ്മിലൂടെയാണ്. അവരുടെ വിശപ്പകറ്റുവാനുള്ള ഭക്ഷണം നമ്മുടെ കൈയിലുണ്ട്, ദാരിദ്ര്യം മാറുവാനുള്ള സമ്പത്ത് നമ്മുടെ പക്കലുണ്ട്, അവരുടെ പ്രാർത്ഥനകൾക്കുള്ള ഉത്തരം നമ്മുക്ക് നൽകാൻ സാധിക്കും. ക്രിസ്തു കുഷ്ഠരോഗിയെ തൊട്ടതുപോലെ നമ്മിലൂടെ ഈ സമൂഹത്തെ തൊടുവാനും, അവരുടെ കണ്ണുനീർ തുടയ്ക്കുവാനും ആഗ്രഹിക്കുന്നു.

ആഗസ്റ്റ് മാസം 15-ാം തീയതി നമ്മുടെ രാജ്യം 68-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ, എം.എം ചർച്ചിലെ Young Family Fellowship സഭാജനങ്ങളായ നമ്മുടെ ഓരോരുത്തരുടെയും സഹകരണത്തോടും, സഹായത്തോടും, പ്രാർത്ഥനയോടും കൂടെ Charity Fest എന്ന പരിപാടിയിലൂടെ കണ്ണുനീരിലായിരിക്കുന്ന അനേകം കുടുംബങ്ങളെ സന്തോഷത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുവാൻ ഒരുങ്ങുകയാണ്. പ്രാർത്ഥനയോടു കൂടെ സഹകരിക്കാൻ നിനക്ക് മനസ്സുണ്ടോ ?

# Do We have real Freedom in India!

V. Justin

1 India got freedom in nineteen forty seven
From the colonial rule of British government,
After the freedom struggle of over ninety years!
It became a democratic, socialist Republic in 1950.

2 Indians got freedom and right to rule the country
By electing members of parliament and others
From the people, by the people, and for the people!
Is the elected government doing its duty properly!

3 Do the elected leaders serve the people honestly!
Do they work for the welfare and freedom of all!
Do they work for the real freedom of the people!
Do they serve people without bias and corruption!

4 The politicians and bureaucrats without conscience
Have made us wonder whether we have freedom!
On Independence Day, Republic Day and other days
Most political leaders speak highly of patriotism!

5 Do they show patriotism, socialism, other virtues
In their daily life, to give freedom and welfare for all!
Their speeches on patriotism, democracy, and so on
Are only to cover up their wrong doings in society!

6 Today people have freedom to do wrong things
Such as smoking, drinking liquor, consuming drugs,
And destruction of public and private properties!
They invite problems that shatter peace in families!

7 Big people have freedom to cheat and exploit others
Through false advertisements and other propaganda,
Have freedom to tarnish others who are fiscally poor
And who don't have much influence in the society!

8 Young people have freedom to acquire wrong habits
And harmful practices of people in other countries,
Thinking that they are wonderful, great and modern,
Giving up our time tested habits, values and culture!

9 People use freedom wrongly to the extend of raping
Even mothers, daughters, little children of five years!
Unruly young men rape sisters and grand old women!
Is this freedom we expect in a sovereign democracy!

10 We have large and efficient armed force consisting of
Army, navy, air force, border security forces, missiles,
Bombs, armoured tanks, war ships, submarines, etc.
Do we have security, peace and freedom in the country!

11 Internal and outside terrorism of different types haunt us,
Governments spend large sums of money to maintain
Internal security and peace that is threatened everywhere!
We are under the influence of Satan and his followers!

12 Atrocities like bandhs, hartals, and jathas on main roads
Create great inconvenience and monetary loss to peaceful
People! Instead of helping the people live peacefully,
The unruly politicians give them maximum trouble!

## *In Loving Memory of*

ROLANDS NAYAGAM



25.07.1990

PRADEEPAN ROLANDS



05.07.2000

GUNASUDAN ROLANDS



27.08.2004

*Seasons come and go, years pass, but grief stays...*

***Inserted by : Sorrowing Family***

## *In Loving Memory of*



**N. Yohannan**
05-08-2006

**Chellamma Yohannan**
31-12- 2002

*'For the Lord is great and greatly to be praised,*
*He is to be feared above all gods.'*
*(Psalms 96:4)*

**By Children and GrandChildren**

*In loving memory of*





**Rev L John**
*7th Death Anniversary*
10-8-2008

**R. Dolly Bai**
*Ist Death Anniversary*
28-7-2015

"നിങ്ങളോടു ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ"
(എബ്രാ.13:7)

***By family members***

---



**SECOND DEATH ANNIVERSARY**
26-08-2015

In Loving Memory of

## M. STANLY

(Rtd. Lab Asst. MCH, Tvm)

Shalem, TC 14/625-2, Nandavnam

*Wife: L. Lilly Bai,*
*Daughter: Latha*
*Son-in-Law: Johny*
*Grand Children: Feba, Neha*

# To lead the people to Christ

Arul John Ebenezer

Dear in Christ,

A Christian leader is appointed by God to establish His kingdom in this world. A leader for Christ must be a trustworthy person to direct the affairs of the church, lead the people to God, guard the Church from errors and serve the church congregation.

1st Timothy , chapter 3 ; versus 1to 8 explain that apostle Paul, during his fourth missionary journey to Macedonia was instructing Timothy to take care of the church at Ephesus. Paul also persuades Timothy to develop and executive effectively the charges given to him. Hel illustrates on the different roles and expected standards of a Christian leader. These are, without any issues of reproach, the husband of but one wife, temperate, self-controlled, respectable, hospitable, able to teach, being not given to drunkenness, not violent but gentle, not quarrelsome, not a lover of money and manage one's family well and see that his/her children obey with proper respect.

## THE ROLE OF A CHRISTIAN LEADER

God wants enormous men and women leaders, who know and show the will of God, a heart that forgives, that cares and reaches out to heal. In a Christ's leader the people discover and experience God's unconditional and unlimited love. When a leader has God's unconditional love in him /her, that will definitively yield love for others. God speak to the leader sometimes in a storm. In such conditions of storm in life, a Christian leader has to wait for the guidance and listen to the voice of God. Sometimes, we take covenant that we would listen God's call to serve for the Lord or suffer for the Lord. Also we promise that for His glory we will subject ourselves to serve the people or we will humbly refrain ourselves, if it brings glory to God. Do we practice these pledges in our life?

## UNITY IN CHRIST

In Ephesians chapter 4, we read, what Paul wrote from the prison to the Ephesus churches. He advised them to live a life worthy of calling, showing humble, gentle, patience, bearing one another in love, making every effort to keep the unity of spirit through the bond of peace.

Verse 4;12 advice to prepare God's people for works of service, so that the body of Christ may be built up in union.

Jesus is the true spiritual leader the world has ever seen. His followers should adopt and unite in His attitude and mind. Jesus accepted and appreciated the two silver coins offered by the poor widow, while the world usually respect and accept rich people. Jesus accepted the Samaritan women and talked to her, who was not accepted by the society during that time. The parable told by Jesus in Luke 10;30 on Good Samaritan was to highlight the wide mind of marginalized Samaritan and the love exhibited by him to the needy.

These all inspire us to reach out the socially marginalized people of this world and break the social barriers to bring unity among all people. The qualities said in 2nd Peter 1; 4 to 11 also help each Christian to establish the virtues that will produce a well -rounded fruitful Christian life , bring peace in the world and a rich welcome into the eternal kingdom of our Lord and savior Jesus Christ.

May the Lord help each one of us to become leader with God living in the heart.

May God Bless

## Sunday School News

### Results of YMCA competition held on 11-07-2015

| | | |
|---|---|---|
| **Sub Junior** | **:** | Nathan V Felix (Solo - 2nd), Merlin Jose (Solo - 1st), Johana Esther (Bible Quiz - 1st), Naveen C Lal (Bible Quiz - 1st). |
| **Junior** | : | Joshua Sam Libu (Solo - 1st), Johana Flora (Solo - 2nd), Aardra B.S (Elocuation 1st & Bible Quiz 1st), Nithin C Lal (Bible Quiz 1st). |
| **Senior** | **:** | Jithia G Ansalam (Elocuation - 2nd) |
| **Group song** | **:** | **1st -** Merrin R.S, Wincy Bibi, Anubhava Sunin, Rubi S Pradeep, Christina V Daniel. |
| **Teachers** | : | Dr. Felcy Priya Davidson (Bible Quiz - 1st),<br>Er. Ajith Sen (Bible Quiz - 1st). |

# വൈ. എഫ്. എഫ്. ചാരിറ്റിഫെസ്റ്റ്
## -ഒരു തിരിഞ്ഞു നോട്ടം

*"എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു, ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു കൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണ്മാൻ വന്നു, തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു." (മത്തായി 25:35-40)*

ഈ ദൈവവചനത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട്, ജീവകാരുണ്യ ദൗത്യത്തിന്റെ ഭാഗമായി, സി.എസ്.ഐ. എം.എം.ചർച്ച് **യങ്ങ് ഫാമിലി ഫെല്ലോഷിപ്പിന്റെ** ആഭിമുഖ്യത്തിൽ 2014 ആഗസ്റ്റ് മാസം നടത്തിയ ചാരിറ്റി ഫെസ്റ്റിലൂടെ 3.2 ലക്ഷം രൂപ സ്വരൂപിക്കാനായി. ഇതിൽ നിർലോഭം സഹകരിച്ച നല്ലവരായ എല്ലാ സഭാ ജനങ്ങളേയും നന്ദിയോടെ സ്മരിന്നു.

സഭയ്ക്കകത്തും പുറത്തുമുള്ള അശരണരും ആലംബഹീനരുമായവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് യാഥാർത്ഥ്യം നേരിട്ട് അന്വേഷിച്ച് മനസിലാക്കി അർഹത ഉറപ്പു വരുത്തിയ ശേഷം മാത്രമാണ് ധനസഹായം കൈമാറുന്നത്. ഇതിനായി, പ്രത്യേകം തയ്യാറാക്കിയിട്ടുള്ള, ചാരിറ്റി ഗൈഡ്‌ലൈൻസും ഇവാലുവേഷൻ ഷീറ്റുകളും പ്രയോജനപ്പെടുത്തുന്നു. ഇത്തരത്തിൽ സാധുകൾക്ക് ഒരു കൈത്താങ്ങാകാൻ കഴിഞ്ഞത് ഏറെ സംതൃപ്തി നൽകുന്നു.

ഇതു കൂടാതെ മുക്കോലയിൽ പ്രവർത്തിക്കുന്ന ദക്ഷിണ കേരള മഹായിടവകയുടെ കീഴിലുള്ള ബെഥേൽ ഗ്രാം ഓൾഡേജ് ഹോം സന്ദർശിച്ച് അവർക്കാവശ്യമായ വസ്തുവകകൾ നൽകിയതിനു പുറമെ എല്ലാ മാസവും അവസാനത്തെ ഞായറാഴ്ച സഭാ ജനങ്ങളിൽ നിന്നും പഴയ പത്രങ്ങളും പുസ്തകങ്ങളും ശേഖരിച്ചു നൽകുന്നതിലൂടെ നല്ല ഒരു തുക ഓരോ മാസവും അവർക്കായി സമാഹരിക്കുന്നതിനും കഴിയുന്നു.

എൽ.എം.എസ്. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന സി.ആർ.ഡി. (പോളിയോ ഹോം) ഹോമിലെ സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളെ എല്ലാ വർഷവും സന്ദർശിച്ച് അവരോടൊത്ത് ഒരു ദിവസം മുഴുവനും ചിലവിടുകയും അവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

വൈ.എഫ്.എഫിന് ഇതേവരെ 44 അപേക്ഷകൾ ലഭിക്കുകയും ഇതിൽ നിന്നും അർഹരായ 18 പേർക്ക് ചുവടെ പറയും പ്രകാരം ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്.

| നം | പേര് | ആവശ്യം | തുക |
|---|---|---|---|
| 1 | സരള എസ്, വലിയതുറ | കട ബാദ്ധ്യത/ ജപ്തി ഭീഷണി | 28,000 |
| 2 | കുമാർ കെ, കൊത്തളം | കട ബാദ്ധ്യത/ ജപ്തി ഭീഷണി | 15,000 |
| 3 | റിനുരാജ്, ഒറ്റശേഖരമങ്കലം | കുട്ടികളുടെ ചികിത്സസഹായം | 25,000 |
| 4 | ബിജു. ജെ, ഇരിഞ്ചൽ | കുട്ടിയുടെ ചികിത്സസഹായം | 5,000 |
| 5 | മോനിഷ വി.എസ്, ചെങ്കൽ | കുട്ടിയുടെ ചികിത്സസഹായം | 10,000 |
| 6 | വിജയകുമാർ, വട്ടിയൂർകാവ് | ചികിത്സ സഹായം - കാൻസർ | 10,000 |
| 7 | ലേഖ, കല്ലറ | വിദ്യാഭ്യാസസഹായം | 2,000 |
| 8 | സുജഎൽ.എസ്, ഇടക്കോട് | ചികിത്സ സഹായം - കാൻസർ | 25,000 |
| 9 | സെൽവരാജ്ജെ, നേമം | ചികിത്സ സഹായം - കാൻസർ | 15,000 |
| 10 | ക്രിസ്തുദാസ്, ഇറയങ്കോട് | ചികിത്സ സഹായം - കാൻസർ | 15,000 |
| 11 | സുഷീല, ബാർട്ടൻ ഹിൽ | ഭവന നിർമാണസഹായം | 10,000 |
| 12 | ക്രിസ്റ്റി ഭായിഎസ്, ചാക്ക | വീട് മെയ്ന്റനൻസ് | 6,200 |
| 13 | പുഷ്പം കെ, കോട്ടുകാൽകോണം | വിവാഹ ധനസഹായം | 5,000 |
| 14 | ശിവാനന്ദൻ | ചികിത്സ സഹായം | 5,000 |
| 15 | ഷീല ഐ, അവണാകുഴി | ചികിത്സ സഹായം | 10,000 |
| 16 | ഷീല ആർ, വീരണകാവ് | വിദ്യാഭ്യാസ സഹായം | 18,000 |
| 17 | ജിജോ, മരുതൻകോട് | ചികിത്സ സഹായം - കാൻസർ | 10,000 |
| 18 | നേശൻ ഉറിയാക്കോട് | ചികിത്സ സഹായം | 10,000 |
| 19 | *ഷീബാ ജോൺ, കാട്ടാക്കട | ഭവന നിർമാണം | 50,000 |

*ഈ ധനസഹായംചാരിറ്റി ഫെസ്റ്റ്-2015 തീയതിയായ 15-08-15 ന് വിതരണം ചെയ്യുന്നതാണ്.

വൈ.എഫ്.എഫിന് ഇപ്പോഴും ഇപ്രകാരമുള്ള ധാരാളം അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുകയാണ്. അശരണർക്ക് ഇത്തരത്തിൽ ഒരാശ്രയമേകാൻ 2015 ആഗസ്റ്റ്മാസം 15 തീയതി വൈകുന്നേരം 4 മണിക്ക് വൈ.എഫ്.എഫ്. **ചാരിറ്റിഫെസ്റ്റ് 2015** നടത്തുന്നതിനുദ്ദേശിക്കുന്നു.

പതിവായുള്ള ലേലം, ഗെയ്മുകൾ, ഫുഡ്കോർട്ട്, ലക്കിഡിപ്പ് എന്നിവയ്ക്കു പുറമെ വിവിധ മാതൃകകളിലുള്ള കുരിശുകളുടേയും, ബൈബിളുകളുടേയും, നാണയങ്ങളുടേയും മറ്റും അമൂല്യങ്ങളായ ശേഖരങ്ങളുടെ ഒരു എക്സിബിഷനും ഇതോടനുബന്ധിച്ച് നടത്തുന്നതിനുദ്ദേശിക്കുന്നു.

ബഹുമാനപെട്ട കേരള നിയമസഭ സ്പീക്കർ ശ്രീ. എൻ. ശക്തൻ ഈ പരിപാടി ഉദ്ഘാടനം ചെയ്യുന്നതും ഡോ.ദീപക്ക് ഡേവിഡ്സൺ ആദ്യ ലേലം കൊള്ളുന്നതുമാണ്.

എല്ലാ സഭാജനങ്ങളും ഇതിൽ നിർലോഭമായി സഹകരിച്ച് ഈ ഉദ്യമം ഒരു വിജയമാക്കി തീർക്കുന്നതിന് ആഹ്വാനം ചെയ്യുന്നു.

ഇതിനായി പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പങ്കെടുക്കുക !!!

**കൺവീനർ, വൈ.എഫ്.എഫ്. ചാരിറ്റി സബ് കമ്മിറ്റി**

## Circle Prayer - August & September 2015

| Date | F No | Name | Address | Area Deacon |
|---|---|---|---|---|
| 04.08.15 | 1140 | Mr.Antony A | Kripa Bhavan, ARA F71,Priyadarshini Lane, Kunnapuzha | Er.Joshi Das Y S |
| 04.08.15 | 2047 | Mr.Chrsitudas A | Kripa Bhavan,OVRA B66,Lenin Nagar | Mrs.Pushpa Madan |
| 04.08.15 | 1926 | Dr.Jasper Daniel D | Hill View, BNRA 55, Benedict Nagar, Nalanchira | Er.Sam Moses M |
| 07.08.15 | 2109 | Er.Jerry Daniel J | Hananeel,ARA C1,Anand Lane,Maruthankuzhi | Dr.Churchin Ben S G |
| 07.08.15 | 188 | Mrs.Baby Jones | BNRA 166A,Bhagavathy Nagar, Kowdiar | Mr.Christudas Y |
| 07.08.15 | 1735 | Er.Jasper Lal C | Bethels,TRA C6, Statue Road | Mr.Sajan Samson R |
| 11.08.15 | | | CEFY Convention | |
| 14.08.15 | | | Diocesan Councel | |
| 18.08.15 | 1448 | Dr.Justin Jose | Angel Villa, TC 21/130(10), Andiyirakam, Karamana | Dr.Christenson E Sarasam |
| 18.08.15 | 2094 | Mr.Solomon P | Lotus,CRA K1,TC 11/1594,YMR | Dr.Satheesh S |
| 18.08.15 | 930 | Mr.Isen S | Love Dale,TPJN 3,Plamoodu,Pattom | Dr.Arthur Jacob |
| 21.08.15 | 1864 | Dr.Vinu Jacob S | Love Dale, 63 Bains Compound, Nanthencode | Mrs.Charlet Bai Robertsingh |
| 21.08.15 | 1678 | Mr.Christ Dhas D | Christ Cottage,TC 11/325, CNRA 39,Christ Nagar | Mr.Christudas Y |
| 21.08.15 | 1923 | Mr.AntonySundararajT | Anns,TARA 216,Kaipally Lane,Kunnukuzhy | Mr.Sajan Samson R |
| 25.08.15 | 976 | Mrs.Rema C | Sunny Bhavan,Sathyan Nagar,Pappanamcode | Dr.Christenson E Sarasam |
| 25.08.15 | 2059 | Er.Alfred Einstein | ARA 11,TC 4/1327,Sivavihar,Near Binoy Marbles | Dr.John Sajit Edwin |
| 25.08.15 | 701 | Mrs.Jessie Charles | Karunalayam,TC 11/1736,CRA G6,Charachira | Dr.Satheesh S |
| 28.08.15 | | | Onam | |
| 01.09.15 | 1546 | Mr.Abel Dileep Kumar | Deepak House,TC 6/691,AWRA 42,Arappura | Dr.Churchin Ben S G |
| 01.09.15 | 1924 | Rev.Dr.Varghese T Lee | Grace Cottage,VP 16/87,Ex Service Nagar,Eravila | Er.Joshi Das Y S |
| 01.09.15 | 1219 | Mr.Zaem Enock | 90 Bains Compound, Nanthencode | Mrs.Charlet Bai Robertsingh |
| 04.09.15 | 1890 | Mr.Kanaka Rajan | MBC 26,Meuseum Bains Compound | Mrs.Pushpa Madan |
| 04.09.15 | 108 | Mr.Jayakumar S | VL 55,Vikas Lane,Kunnukuzhy | Dr.Arthur Jacob |
| 04.09.15 | 1704 | Er.Sundara Raj N | TC 23/1231,BNRA 165, Kowdiar | Mr.Christudas Y |
| 08.09.15 | 1579 | Dr.Aju N V | Bakery Lane,Nanthencode | Mrs.Charlet Bai Robertsingh |
| 08.09.15 | 718 | Mr.Babu Japakumar N | Rose Dale,MNRA 101A,Sneha Junction,Parottukonam | Er.Sam Moses M |
| 08.09.15 | 1573 | Mr.Sathya Valsalan C K | Providence,RWRA 132,Kurusadi Lane,GH Jn | Mr.Sajan Samson R |
| 11.09.15 | 1021 | Mr.Immanuel Henry | TC 9/10,Behind TTC,Kowdiar | Mr.Christudas Y |
| 11.09.15 | 665 | Mrs.SanthaT | Sheshine,H No-A43,Kunamkulam Lane, Murinjapalam | Adv.Sarjine Thomas |
| 11-09-2015 | 1016 | Mr.Simon D | Devavilas,TC4/1237-1,KRA B17,School Lane, Kuravankonam | Dr.John Sajit Edwin |

# Bible Quiz

*Ajith Sen*

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. All the submissions have been correct after a few months, congrats to all the winners. This month's questions are from the Book of Numbers (NIV), chapters 1 to 9. Kindly, read these chapters before attempting the quiz. This is the fourth book of Moses. These nine chapters contains description about tribes and census of Israel among various other details.

Please substantiate your answers by stating references (verse) from the Bible. For clarifications, refer the Malayalam translation of the questions posted in the Church Office Notice Board. Submit your answers written in English or Malayalam before August 14th at the CSI MM Church Office or email us at cvquiz@mateermemorialchurch.com

1. Who should not eat grapes or raisins?
2. If an Israelite is unclean because of a dead body or away on a journey during Passover when should they celebrate it?
3. Which tribe had a number of 74,600?
4. Who was the leader of the people of Simeon?
5. Son of Nadab?
6. Who is to carry the curtains of the tabernacle?
7. How much was the weight of the gold dishes offered altogether during the dedication of the altar?
8. If a married woman sins who will bear the consequences of her sin?
9. Who were taken by the Lord in place of all the firstborn of Israel?
10. Where should the Levites set up their tents?

---

**The correct answers to the quiz on Leviticus 19 to 27**

1. They are to be left for the poor and the alien 19:9,10
2. Make himself unclean 21:11
3. Ten thousand 26:8
4. The Lord 20:8, 22:32
5. At twilight on the fourteen day of the first month 23:5
6. He must add a fifth of the value to it 27:31
7. He should be put to death 20:9
8. Shelomith 24:11
9. Lord's covenant with Jacob, with Isaac and with Abraham 26:40,41,42
10. Fiftieth year 25:10,11

---

**List of people who had submitted the right answers** (along with the reference)

1. Helen Saramma E. H.
2. Premila Janelet Sylam
3. Shireen Evangeline Ross
4. Grace Ammal V.
5. Preetha John
6. Vathsala Lal
7. Sumitha Arun
8. Soben S. L.
9. Reuben S. L.
10. Lalitha Jacob
11. Lilora P. R.
12. Lalitha Grace
13. Nirmala Lal Jayakumar
14. Suvarna Yohannan
15. Mahil Ajith
16. Jolly Irene G.
17. Susheela Jamestone



# ആരാധനാനുഭവം

ഒരിക്കൽ ഒരു കോടീശ്വരനായ ബാങ്കുടമ ശനിയാഴ്ച ദിവസം തന്റെ ജീവനക്കാരോട് നാളെയും ജോലിക്ക് വരണമെന്ന് പറഞ്ഞു. ഇതുകേട്ട ഒരു യുവാവ് മുന്നോട്ടുവന്ന് 'നാളെ ഞായറാഴ്ച ആയതിനാൽ എനിക്ക് പള്ളിയിൽ പോകണം. എനിക്ക് ജോലിക്ക് വരുവാൻ സാധിക്കുകയില്ല' എന്ന് പറഞ്ഞു. ക്ഷുബിതനായ ബാങ്കുടമ ആ യുവാവിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു.

ഏകദേശം മൂന്നാഴ്ചയോളം യാതൊരു ജോലിയും കിട്ടാതെ ഈ യുവാവ് വളരെ വിഷമിച്ചു. തന്റെ വിധവയായ മാതാവിനെയും ഇളയ സഹോദരിയെയും സംരക്ഷിക്കേണ്ട ചുമതല കൂടി ആ യുവാവിനുണ്ടായിരുന്നു. പ്രയാസമേറിയ ജീവിതാനുഭവത്തിലൂടെ കടന്നുപോകുമ്പോഴും ആ യുവാവ് ദിവസവും വേദപുസ്തകം ധ്യാനിക്കുന്നതിനും, പ്രാർത്ഥിക്കുന്നതിനും, ഞായറാഴ്ച പള്ളിയിൽ പോകുന്നതിനും ഒരു മുടക്കവും വരുത്തിയില്ല.

ആ പട്ടണത്തിൽ ഒരു ബാങ്കിന്റെ പുതിയ ശാഖ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയായിരുന്നു. അതിലേക്ക് വിശ്വസ്തനായ ഒരു കാഷ്യറെ ആവശ്യമായി വന്നു. ബാങ്കിന്റെ ഉടമസ്ഥർ കോടീശ്വരനോട് ഇതു പറഞ്ഞപ്പോൾ താൻ പിരിച്ചുവിട്ട ആ യുവാവിന്റെ പേര് കാഷ്യർ സ്ഥാനത്തേക്ക് നിർദ്ദേശിച്ചു.

ഇതുകേട്ട ബാങ്കുദ്യോഗസ്ഥർ ചോദിച്ചു: 'താങ്കൾ പിരിച്ചുവിട്ട യുവാവിനെ എങ്ങനെയാണ് ഞങ്ങൾ കാഷ്യറായി വയ്ക്കുന്നത്?' കോടീശ്വരൻ പറഞ്ഞു: 'ആ യുവാവ് ആദർശത്തിന് വേണ്ടിയാണ് നിലനിന്നത്. പണസംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആദർശത്തിന് വേണ്ടി നിലകൊള്ളുന്നവരാണ് ആവശ്യം. മാത്രമല്ല, ജീവിതത്തിൽ ദൈവത്തിനാണ് ആ യുവാവ് പ്രഥമസ്ഥാനം നൽകുന്നത്.' അങ്ങനെ ആ യുവാവിന് ഉയർന്ന ശമ്പളത്തോടെ കാഷ്യറായി നിയമനം ലഭിച്ചു.

ഞായറാഴ്ച ദിവസം ആരാധനയിൽ പങ്കെടുക്കുന്ന യുവജനങ്ങളുടെയും കുട്ടികളുടെയും എണ്ണം കുറഞ്ഞുവരുന്നതായി നമുക്ക് അനുഭവപ്പെടാറുണ്ട്. ആഴ്ചയിൽ ഏഴു ദിവസങ്ങളിലായി 168 മണിക്കൂർ സമയം ദൈവം നമുക്ക് ദാനമായി നൽകിയിട്ടുണ്ട്. ഇതിൽ ഞായറാഴ്ച ദിവസം കേവലം രണ്ടുമണിക്കൂർ സമയം ആരാധനയ്ക്ക് വേണ്ടി മാറ്റിവെയ്ക്കേണ്ടത് നമ്മുടെ കടമയാണ്.

വടക്കേ ഇന്ത്യയിലെ പല ഗ്രാമങ്ങളിലും മൈലുകളോളം ദൂരം കാൽനടയായി സഞ്ചരിച്ചാണ് വിശ്വാസികൾ ഇന്നും ആരാധനയിൽ പങ്കെടുക്കുന്നത്. എന്നാൽ നമ്മിൽ പലരും യാത്രാസൗകര്യമുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരും, സ്വന്തമായി വാഹനമുള്ളവരായിരുന്നിട്ടും ആരാധനയ്ക്ക് കൃത്യമായി പങ്കെടുക്കാത്തത് ദൈവത്തോടുള്ള നന്ദികേടല്ലേ? നമ്മുടെ സഭയിൽ ഞായറാഴ്ച ദിവസം പല സമയത്തായി അഞ്ച് ആരാധന ക്രമീകരിച്ചിരിക്കുന്നത്

നമ്മുടെ ഓരോരുത്തരുടെയും പങ്കാളിത്തം ലഭിക്കുവാനാണ്. രോഗക്കിടക്കയിൽ ആശുപത്രികളിലും ഭവനങ്ങളിലും കഴിയുന്നത് നിമിത്തം ആഗ്രഹമുണ്ടായിട്ടും ആരാധനയിൽ പങ്കെടുക്കുവാൻ കഴിയാത്ത ഒട്ടനവധിപേർ ഉണ്ടെന്ന വസ്തുത നാം മറക്കരുത്. നമ്മുടെ സഭാ രജിസ്റ്റർ പ്രകാരം വർഷം തോറും അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നു. എന്നാൽ ഇതിന് ആനുപാതികമായി ആരാധനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിക്കാത്തത് ഗൗരവമായി കാണണം.

മനുഷ്യനും ദൈവവുമായുള്ള ബന്ധത്തിലെ ഏറ്റവും ശ്രേഷ്ഠവും സ്വാഭാവികവുമായുള്ള കണ്ണിയാണ് ആരാധന. ‘True worship acknowledges God's true worth’. സൃഷ്ടാവായ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടി നാം ആരാധിക്കണം. **ആരാധനാനുഭവം ആരാധനാസമയത്ത് തീരുന്നില്ല. ആരാധന ഒരു തുടർപ്രക്രിയയാണ്. ദൈവം നമുക്ക് നൽകിയിട്ടുള്ള ചുമതലകൾ ഭംഗിയായി നിർവ്വഹിക്കുമ്പോഴാണ് ആരാധനയുടെ പൂർത്തീകരണം സംഭവിക്കുക.** ഞായറാഴ്ച തുടങ്ങി ആഴ്ചയിൽ ഉടനീളം തുടരുന്നതാണ് ആരാധനാനുഭവം.

സങ്കീർത്തനക്കാരൻ പറയുന്നു: ‘യഹോവയുടെ ആലയത്തിലേക്ക് നമുക്ക് പോകാം എന്ന് അവൻ എന്നോട് പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു’ (സങ്കീ.122:1). **നാം നിരാശരായിരിക്കുമ്പോൾ മറ്റൊരിടത്തുനിന്നും കിട്ടാത്ത ആത്മീകപ്രചോദനവും, സന്തോഷവും, പ്രോത്സാഹനവും, പ്രാർത്ഥനയ്ക്കുത്തവരവും ആരാധനയിൽ പങ്കെടുക്കുന്നതിൽക്കൂടിയാണ് നമുക്ക് ലഭിക്കുന്നത്.** നമുക്ക് ലഭിച്ചിരിക്കുന്ന ആരാധനാ സ്വാതന്ത്ര്യത്തിനായി ദൈവത്തെ സ്തുതിക്കാം. ഒരുക്കമുള്ള മനസ്സോടും, പ്രതീക്ഷയോടും, പ്രാർത്ഥനയോടും നമുക്ക് കുടുംബമായി ഞായറാഴ്ചകളിൽ മുടങ്ങാതെ ആരാധനകളിൽ പങ്കെടുക്കാം.


**ആർ. സാജൻ സാംസൺ**
E-mail: sajansamson@hotmail.com
Mobile: 9447153170


## List of people who submitted the right answers during the period May 2014 - April 2015

Name & No. of months with right answers

Preetha John (12), Premila Janelet Sylam (12), Lilora P. R.(11), Shireen Evangeline Ross(11), Suvarna Yohannan(11), E. H. Helen Saramma (10), Jolly Irene G. (9), Nirmala Jayakumar (9), Reuben S. L. (9), Soben S. L.(9), Susheela Jamestone (9), T. Dharmaraj (9), Vathsala Lal (9), Annie Liz Manuel (8), Binil Winfred (8), Lalitha Jacob (7), V. Grace Ammal(7), Mahil Ajith (6), Sumitha Arun (6), Valsa D. S.(6)

# SECOND DEATH ANNIVERSARY
13-08-2015

*in ever loving memory of*



## ANNAMMAL SARADA WILSON
02-08-1950 - 13-08-2013

**Watts Lane, Nandancode**

**By Sorrowing Family**
James Wilson | Dileep Wilson, Jasmin & Leona
Prathap Wilson & Tejal Tilak Baker

## 15th Death Anniversary

(5-8-2015)

# of our Beloved Son



## ARVIND SAM RASALAM

*"The Lord who had given him to us has taken him back to His fold"*



*Inserted by:*

**Sorrowing Parents**
**Dilip Rasalam**
**Neetha D.**